II.ഇ.ബി. XII--കേരള നിയമസഭ/IV-12

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ–സംഗ്രഹം

2007 മാർച്ച് 21, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

78 (*331) മറുനാടൻ തൊഴിലാളികൾ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, ലഭ്യമായ വിവരം അനുസരിച്ച് അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള 115584 പേർ കേരളത്തിൽ പണിയെടുത്തുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഈ തൊഴിലാളികളുടെ കൃത്യമായ കണക്കെടുത്ത് അവരുടെ താല്പര്യം സംരക്ഷിക്കുന്നതിന് ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. മറുനാടൻ തൊഴിലാളികളെ ഉപയോഗിക്കുന്ന തൊഴിലുടമകളും അവർ നിയോഗിക്കുന്ന കരാറുകാരും 1979–ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, 1983–ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടങ്ങൾ എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. മറുനാടൻ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥകളുണ്ട്. അപകടമേഖലയിൽ പണിയെടുക്കുന്ന മറുനാടൻ

തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, ചികിത്സാ സൗകര്യം, ശുചിത്വ മുള്ള താമസ സൗകര്യങ്ങൾ, അനുയോജ്യമായ കൂലി, സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ വേതനം തുടങ്ങിയവ നൽകുന്നതിന് നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. തൊഴിൽ നിയമങ്ങൾ എല്ലാ സ്ഥലത്തും കൃത്യമായി യഥാസമയം നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള തൊഴിലാളികൾ മാനേജ്മെന്റിന്റെ പിടിപ്പുകേടുകൊണ്ടും തൊഴിലാളികളോടുള്ള നിഷേധാത്മകമായ സമീപനംകൊണ്ടും അശ്രദ്ധകൊണ്ടും അപകടമരണത്തിനിരയാകുന്നതിനാൽ അതിനെതിരെ അതാതു പ്രദേശത്തെ തൊഴിലാളി സംഘടനകൾ, സാമൂഹിക പ്രസ്ഥാനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. തൊഴിലാളി–തൊഴിലുടമാ ബന്ധം മെച്ചപ്പെടുത്തുന്നതിനും ഒരു ഉയർന്ന സംസ്കാരം വളർത്തിയെടുക്കു ന്നതിനും പരിശ്രമിക്കുന്നതാണ്. മറുനാടൻ തൊളിലാളികളുടെ കുട്ടികളുടെ വിദ്യാലയ പ്രവേശനവുമായി ബന്ധപ്പെട്ട് വയസ്സുതെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഡോക്ടർ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ലേബർ ബാങ്കുകൾ രൂപീകരിച്ചു കൊണ്ട് ഓരോ സ്ഥലത്തേയും തൊഴിലാളികളുടെ വിവരങ്ങളടങ്ങുന്ന രജിസ്റ്റർ സൂക്ഷിച്ച് അതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയോഗി ക്കുകയാണെങ്കിൽ അവർക്ക് പരമാവധി തൊഴിലവസരവും മാന്യമായ വേതനവും ലഭിക്കും. കേന്ദ്ര ഗവൺമെന്റിന്റെ തൊഴിൽ നയത്തിൽ അടിസ്ഥാ നപരമായ മാറ്റം വരുത്തി ഫ്ളെക്സിബിളായ ഒരു നിയമം കൊണ്ടുവന്ന് ഈ മേഖലയിൽ ഇന്ന് അനുഭവപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കേണ്ട താണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽവന്ന് പലിശയ്ക്ക് പണം

കൊടുത്ത് നമ്മുടെ നാട്ടിലെ പാവങ്ങളെ കൊള്ളയടിക്കുന്ന സംവിധാനം അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും. സംസ്ഥാനത്ത് സ്ഥിരമായി ജോലി ചെയ്യുന്ന തൊഴിലാളികളെ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടു ത്തുന്നതിന് യാതൊരു പ്രയാസവുമില്ല. ബാലവേല നിരോധിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് തീവ്രമായ പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. മറുനാടൻ മലയാളി കൾക്കുവേണ്ടി ഒരു ക്ഷേമ പദ്ധതി കൊണ്ടുവരുന്നതാണ്. സംസ്ഥാനത്തെ തൊഴിലാളികളുടെ കായികവും ബൗദ്ധികവുമായിട്ടുള്ള അദ്ധ്വാനം പരമാവധി ഉപയോഗപ്പെടുത്തി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതി നുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കഞ്ചിക്കോട് വ്യവസായ മേഖലയിൽ അതിവേഗതയിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കു ന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യ ത്തിന് മറുപടിയായി മന്ത്രി പറഞ്ഞു.

79 (*332) <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ആഴംകൂട്ടലും; ഉൾനാടൻ മത്സ്യക്കൃഷി, ശുദ്ധജല മത്സ്യക്കൃഷി എന്നിവയുടെ വികസനം; ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ നിധിയുടെ സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി, സമ്പാദ്യ സുരക്ഷാ പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എന്നിവയാണ് സംസ്ഥാനത്ത് ഫീഷറീസ് വകുപ്പിൽ നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളെന്ന് സഭയെ അറിയിച്ചു. തുറമുഖങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 550 ലക്ഷം രൂപയും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായ

ത്തോടെയുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്ക് 15.96 ലക്ഷം രൂപയും 2006-07 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്ക് ലഭിച്ച തുക സംസ്ഥാന വിഹിതമുൾപ്പെടെ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. തുറമുഖ നിർമ്മാണത്തിനും അറ്റകുറ്റപ്പണി കൾക്കുമായി ലഭിച്ച തുകയിൽ സംസ്ഥാന വിഹിതമുൾപ്പെടെ 583.14 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക നടപ്പു സാമ്പത്തിക വർഷംതന്നെ ചെലവഴിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സുനാമി പുനരധിവാസ പദ്ധതി, അടിയന്തിര സഹായ പദ്ധതി എന്നിവ പ്രകാരം ഡിപ്പാർട്ടുമെന്റ് അടിസ്ഥാനത്തിൽ നിശ്ചയിച്ച അലോക്കേഷൻ സെൻട്രൽ പ്ളാനിംഗ് കമ്മീഷൻ അപ്രൂവ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് പ്രോജക്ട് തയ്യാറാക്കിക്കഴിഞ്ഞു. മറ്റ് ഡിപ്പാർട്ടു മെന്റുകൾ പ്രോജക്ട് തയ്യാറാക്കിവരികയാണ്. സുനാമി പുനരധിവാസ പദ്ധതിക്കുവേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ള തുക, ഫിഷറീസ് ഡിപ്പാർട്ടു മെന്റിന്റെ ബഡ്ജറ്റ് തുക, തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഫിഷറീസുമായി ബന്ധപ്പെട്ട് വരുന്ന തുക, സീവാൾ നിർമ്മിക്കുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടു മെന്റിന് 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എന്നിവ സംയോജി പ്പിച്ചുകൊണ്ട് 3000 കോടി രൂപയുടെ ഒരു തീരദേശ വികസനപദ്ധതിക്ക് രൂപം നൽകുന്നതിന് ഹൈദ്രബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് ഏജൻസിയെ കൺസൾട്ടൻസിയായി നിശ്ചയിക്കുകയും അവർ മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന് പുതിയ ഡ്രെഡ്ജർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് അഴിമുഖത്തെ മണൽതിട്ടയും ചെളിയും മാറ്റുന്ന

കാര്യം പരിഹരിക്കുന്നതാണ്. തീരപ്രദേശത്ത് സ്ഥലപരിമിതിയുള്ള സ്ഥലങ്ങളിൽ മത്സ്യത്തൊഴിലാളികൾ സമ്മതിക്കുന്നപക്ഷം ഫ്ളാറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റിന് യാതൊരു തടസ്സവുമില്ല. ദേശീയ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഫിഷറീസ് സെക്ടറിൽ വീടൊന്നിന് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന 40,000 രൂപ ഒരു ലക്ഷം രൂപയാക്കി ഉയർത്തണമെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യത്തിൻമേൽ പതിനൊന്നാം പദ്ധതിക്കാലത്ത് അനുകൂലമായ തീരുമാനമെടുക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് വാക്കാൽ സമ്മതിച്ചിട്ടുണ്ട്. കടപ്പുറം പഞ്ചായത്തിൽ കടലാക്രമണംമൂലം വീട് നഷ്ടപ്പെട്ടവർക്ക് തീരപ്രദേശത്ത് സ്ഥലമെടുത്ത് വീടുവച്ചുകൊടുക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് ഒരു പ്രത്യേക പരിഗണന നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഫിഷ് ലാൻഡിംഗ് സെന്ററുകളെക്കുറിച്ചും മത്സ്യബന്ധന യാനങ്ങളെക്കുറിച്ചുമൊക്കെയുള്ള സാധ്യതാ പഠനത്തിന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കടലായി പ്രദേശത്ത് കടൽ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട പണികൾ പരമാവധി വേഗതയിൽ ആരംഭിക്കുന്നതാണെന്ന് ഒരുപചോദ്യത്തിലിടപെട്ടുകൊണ്ട് ജല വിഭവ വകുപ്പുമന്ത്രി അറിയിച്ചു. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ 2008 ജൂൺ മാസത്തിലും കായംകുളം ഫിഷിംഗ് ഹാർബർ ഏപ്രിൽ മാസത്തിലും കമ്മിഷൻ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ 90 ശതമാനം പണിയും പൂർത്തിയായി; തടസ്സമൊന്നും ഉണ്ടാകാത്തപക്ഷം മൂന്നു മാസത്തിനുള്ളിൽ അത് കമ്മിഷൻ ചെയ്യാൻ സാധിക്കും. കണ്ണൂരിലെ മാപ്പിളബേ ഹാർബറിന്റെ മാസ്റ്റർ ഡ്രെഡ്ജിംഗ് നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. വലിയതുറ മിനി

ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം, പൂന്തുറയിലെ പുലിമുട്ട് നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയ മദ്രാസ് ഐ.ഐ.ടി.യുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കാസർഗോഡ് ഫിഷിംഗ് ഹാർബറിന് കേന്ദ്ര മന്ത്രാലയങ്ങളുടെ ക്ളിയറൻസ് ലഭിച്ചുകഴിഞ്ഞുവെന്നും ബാംഗ്ളൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗ് (ഫിഷറീസ്) ആവശ്യപ്പെട്ടതനുസരിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഒരു മാസത്തിനകം പുനഃക്രമീകരിച്ച് സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്ര ഗവൺമെന്റ് പദ്ധതിക്ക് ഭരണാനുമതി നൽകുമെന്ന് ഉറപ്പിക്കാവുന്നതാണെന്നും ഇതിനാവശ്യമായ സംസ്ഥാന വിഹിതം ഉൾക്കൊള്ളിക്കുന്നതിന് തടസ്സമുണ്ടാകുകയില്ലെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

80 (* 333) <u>അബ്കാരി കുറ്റങ്ങൾക്കുള്ള ശിക്ഷയിൽ ഇളവ്</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അബ്കാരി കുറ്റങ്ങൾക്ക് ശിക്ഷ ലഘൂകരിച്ചിട്ടില്ലെന്നും അബ്കാരി ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തിയാൽ മാത്രമേ ശിക്ഷയിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂവെന്നും കുറ്റങ്ങൾ മൈനർ എന്നും മേജർ എന്നും വേർതിരിച്ച് പരമാവധി ശിക്ഷ നൽകുന്നതിനുള്ള നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്നും സഭയെ അറിയിച്ചു. തീർപ്പ് കല്പിക്കാതെ കെട്ടിക്കിടക്കുന്ന പതിനായിരത്തിലധികം വരുന്ന കേസ്സുകളിൽ തീർപ്പ് കല്പിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമാണെങ്കിൽ നിയമ ഭേദഗതി കൊണ്ടുവരുന്നതാണ്. വ്യാജമദ്യത്തിന്റെ വിതരണവും വില്പനയും തടയുന്നതിനായി ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ജനപ്രതിനിധികളുടെയും

സ്വയംഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തൊഴിലാളി സംഘടനകൾ എന്നിവയുടെയും സഹായത്തോടുകൂടി ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. കള്ളുഷാപ്പുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾക്കെതിരായ കേരള ഹൈക്കോടതിയുടെ സ്റ്റേയ്ക്ക് എതിരെ ഗവൺമെന്റ് അപ്പീൽ കൊടുക്കുന്നതാണ്. കള്ളിൽ 12 ശതമാനം ആൾക്കഹോളിക് കണ്ടെന്റ് നിയമവിധേയമാണെന്ന് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചത് പഴയ മാനുവൽ അനുസരിച്ചാണെന്നും മാനുവലിൽ ആവശ്യമായ മാറ്റം വരുത്താൻ നിയമപരമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും കള്ളുഷാപ്പുകൾ സുതാര്യമായി നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതാണെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

81 (*340) <u>സംസ്ഥാനത്തുനിന്ന് കാണാതായ കുട്ടികൾ</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2006-ൽ സംസ്ഥാനത്തുനിന്ന് ആകെ 1047 കുട്ടികളെ കാണാതായതിൽ 956 കുട്ടികളെ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിച്ചു. കാണാതായ കുട്ടികളെ കണ്ടെത്തുന്നതിനായി കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണങ്ങൾ നടത്തിയും വാർത്താമാധ്യമങ്ങളിൽ പരസ്യം ചെയ്തും Look Out Notice-കളും മറ്റും സ്റ്റേഷനുകളിലേയ്ക്ക് അയച്ചും ക്രൈം ഇന്റലിജൻസ് ഗസറ്റിൽ പ്രസിദ്ധീകരിച്ചും ഊർജ്ജിതമായ അന്വേഷണം നടത്തുന്നുണ്ട്.

82 (*342) ആർ. ആന്റ് ബി.ഡി.സി. ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ

മരാമത്ത് വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 23.9.1999–ൽ രൂപീകരിച്ച റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (ആർ. ആന്റ് ബി.ഡി.സി.) ഇതുവരെ ഏറ്റെടുത്തതിൽ 13 റെയിൽവേ മേൽപ്പാലങ്ങളുൾപ്പെടെ 15 വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിച്ചു.

83 (*358) മത്സ്യസംസ്ക്കരണം

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 122 മത്സ്യസംസ്ക്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചു. മത്സ്യസംസ്ക്കരണ രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, മാലിന്യസംസ്ക്കരണ രീതികൾ മത്സ്യാവശിഷ്ടങ്ങളിൽനിന്ന് പുതിയ ഉല്പന്നങ്ങൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ ഇന്റഗ്രേറ്റഡ് ഫിഷറീസ് പ്രോജക്ട്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി തുടങ്ങിയ കേന്ദ്ര മത്സ്യഗവേഷണ സ്ഥാപനങ്ങളിൽ നടന്നുവരുന്നുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

95 (2394) പോലീസുകാർക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ

പോലീസുകാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 96 പോലീസ് സ്റ്റേഷനുകളിൽ എക്സ്റ്റൻഷൻ പണി പൂർത്തിയാക്കുകയും 970 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും, 220 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

വനിതാപോലീസുകാർക്ക് വിശ്രമിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളോട് ചേർന്ന് 226 വിശ്രമമുറികൾ പണിതിട്ടുണ്ട്.

96 (2399) <u>തീരപ്രദേശ സുരക്ഷ</u>

സംസ്ഥാന പോലീസിന്റെയും പോലീസ് രഹസ്യാന്വേഷണ വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും 8 സ്ഥലങ്ങളിൽ കോസ്റ്റൽ സെക്യൂരിറ്റി സ്കീം മുഖേന കോസ്റ്റൽ പോലീസ് സ്റ്റേഷൻ തുടങ്ങിയും രഹസ്യാന്വേഷണ വിഭാഗത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പോലീസ് പെട്രോളിംഗ് നടത്തിയും തീരപ്രദേശങ്ങളുടെ സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

97 (2400 & 2401) <u>കള്ളനോട്ടുകേസ്സുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കള്ളനോട്ട് സംബന്ധിച്ച് 58 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 45 കേസ്സുകളിൽ കുറ്റവാളികളെ പിടികൂടുകയും ചെയ്തിട്ടുണ്ട്.

98 (2434) <u>പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം</u>

കേരളത്തിൽ സ്വന്തമായി കെട്ടിടങ്ങളില്ലാതെ പ്രവർത്തിക്കുന്ന 84 പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിച്ചുനൽകുന്നതിനുവേണ്ട സ്ഥലം ലഭ്യമാക്കുന്നതിന് ധൃതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

99 (2459) <u>ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്</u>

2005-06 വർഷത്തെ അപേക്ഷിച്ച് 2006-07-ൽ സംസ്ഥാനത്ത് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 23.68 ശതമാനവും തദ്ദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 5.47 ശതമാനവും വർദ്ധനവുണ്ടായി. ടൂറിസ്റ്റുകളുടെ

സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പ്രധാനപ്പെട്ട ടൂറിസ്റ്റു കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെയും പ്രധാനപ്പെട്ട ബീച്ചുകളിൽ ലൈഫ് ഗാർഡുകളുടെയും സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവരുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് സേവനം വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരുന്നു. 2007–08 സാമ്പത്തിക വർഷം ടൂറിസം മേഖലയിൽ നിന്ന് ഏകദേശം 12,000 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

100 (2462) <u>ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ</u>

സംസ്ഥാനത്തിനുപുറത്ത് ചെന്നൈ, ഗോവ, മുംബൈ, ന്യൂഡൽഹി എന്നീ സ്ഥലങ്ങളിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. മൈസൂർ, കൽക്കട്ട എന്നീ സ്ഥലങ്ങളിൽ പുതുതായി ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങുവാനുദ്ദേശിക്കുന്നുണ്ട്. ഓരോ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ടൂറിസ്റ്റുകളുടെ വരവും മറ്റ് സാധ്യതകളും പരിഗണിച്ചാണ് ഇൻഫർമേഷൻ സെന്ററുകൾ തുറക്കുന്നതിനെക്കുറിച്ച് തീരുമാനമെടുക്കുന്നത്. 2006–ലെ കണക്കുകൾ പ്രകാരം കേരളത്തിലെത്തിയ ആഭ്യന്തര ടൂറിസ്റ്റുകൾ ആകെ ടൂറിസ്റ്റുകളുടെ 93.60 ശതമാനമാണ്.

101 (2490) <u>കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ</u>

31.12.2006 വരെയുള്ള കണക്കനുസരിച്ച് കേരള ഹൈക്കോടതിയിൽ 92511 സിവിൽ കേസ്സുകളും 25038 ക്രിമിനൽ കേസ്സുകളും വിവിധ കീഴ്കോടതികളിലായി 405288 സിവിൽ കേസ്സുകളും 508028 ക്രിമിനൽ കേസ്സുകളും കെട്ടിക്കിടക്കുന്നുണ്ട്.

102(2497) ലോകായുക്തയുടെ പ്രവർത്തനം

ലോകായുക്തയുടെ പരിഗണനയിൽ ഇപ്പോൾ 3250 കേസ്സുകളുണ്ട്. ഐ.ജി. റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ചുമതലയിലുള്ള ഏജൻസിയാണ് ഈ കോഴ്സുകളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നത്. ലോകായുക്തയുടെ പ്രവർത്തനം സംബന്ധിച്ച നിയമത്തിൽ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലൂണ്ട്.

103(2502) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെ അക്രമം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അക്രമം തടയുന്നതിനുള്ള നിയമമനുസരിച്ച് 198 കേസ്സുകളും ജാതിപ്പേരുപറഞ്ഞ് ആക്ഷേപിച്ചതിന്റെ പേരിൽ 91 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

104 (2517) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങൾ

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള 232388 മത്സ്യത്തൊഴിലാളികളിൽ 23894 പേർ സ്ത്രീതൊഴിലാളികളാണ്. മത്സ്യബന്ധന അനുബന്ധ മേഖലയിൽ നിന്ന് അംഗങ്ങളായിട്ടുള്ള 50775 പേരിൽ 32243 പേർ സ്ത്രീകളാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഇൻഷ്വറൻസ്, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവ ഒഴികെയുള്ള പദ്ധതികളിൽ 2006 ഡിസംബർ 31 വരെ അപേക്ഷിച്ച 11999 പേർക്ക് 2.1 കോടി രൂപയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

105 (2547) <u>പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ</u>

സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന 22 തോട്ടങ്ങളിൽ ഒരെണ്ണം തുറന്നു പ്രവർത്തിക്കുകയും ആറെണ്ണം ഭാഗികമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

106 (2550) <u>നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് 36350 തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുകയും 33,56,29,777 രൂപ ഈ ഇനത്തിൽ ചെലവാകുകയും ചെയ്തിട്ടുണ്ട്.

107 (2563) <u>അബ്ക്കാരി കുടിശ്ശിക</u>

31.1.2007 വരെ സംസ്ഥാനത്ത് അബ്ക്കാരി കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള 367,30,79,959 രൂപയിൽ 116,74,69,844 രൂപ പിരിച്ചെടുക്കുന്നതിനെതിരെ കോടതി സ്റ്റേ നിലനിൽക്കുകയും 11,99,15,485 രൂപയുടെ കുടിശ്ശിക കേസ്സുകളിൽ റവന്യൂ അധികാരികൾ റവന്യൂ റിക്കവറി സർട്ടിഫിക്കറ്റുകൾ മടക്കി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കിസ്ത് കുടിശ്ശികയിൽ മുതൽ ഇനത്തിൽ 121,31,29,790 രൂപയും പലിശയിനത്തിൽ 216,44,20,432 രൂപയും കള്ളുകടത്ത് ഫീസ് കുടിശ്ശികയിൽ മുതൽ ഇനത്തിൽ 3,11,82,789 രൂപയും പലിശയിനത്തിൽ 5,38,38,966 രൂപയും പിരിഞ്ഞുകിട്ടാനുണ്ട്.

108 (2565) മദ്യ ഉപഭോഗം

കെ.എസ്.ബി.സി.യുടെ കീഴിലുള്ള ചില്ലറ വില്പനശാലകളിലൂടെ പ്രതിദിനം ശരാശരി 5.86 കോടി രൂപയുടെ വിദേശമദ്യവില്പന നടക്കുന്നുണ്ട്. കള്ളിന്റെ പ്രതിദിന ഉല്പാദനം ഷാപ്പ് ഒന്നിന് ശരാശരി 215 ലിറ്ററാണ്.

109 (2581) റോഡ് റോളറുകളുടെ എണ്ണം

സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 234 റോഡ് റോളറുകളിൽ ഉപയോഗയോഗ്യമായവ 107 എണ്ണമാണ്.